**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - തിരുവനന്തപുരം നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 12/06/2015 - തീയതിയിൽ മരണപ്പെട്ട എസ് സുരേഷ് കുമാറിന്റെ മകൾ ശ്രീമതി അഞ്ജലി . എസ് എസ്- മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ ഡി ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു.)വകുപ്പ്**

**സ.ഉ(കൈ)നം. 21/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 24/01/2020**

---

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ നമ്പർ ഉത്തരവ്.

2. ശ്രീമതി അഞ്ജലി . എസ്.എസ് സമർപ്പിച്ച 11/11/2015 തീയതിയിലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 09/03/2018 ലെ ഇ 4-19308/2017 നമ്പർ കത്ത്.

4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24/08/2019 തീയതിയിലെ എസ്6-ഇ-119072/2018 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് തിരുവനന്തപുരം നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 12/06/2015 തീയതിയിൽ മരണപ്പെട്ട എസ് സുരേഷ് കുമാറിന്റെ മകൾ ശ്രീമതി അഞ്ജലി എസ് എസ് അപേക്ഷ സമർപ്പിച്ചിരുന്നു. എസ് സുരേഷ് കുമാറിന്റെ സേവനകാലം 27 വർഷവും 02 മാസവും 14 ദിവസവുമാണ്. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 27/06/1961 ഉം 30/03/1988 ആണ്. നഗരകാര്യ ഡയറക്ടറും തിരുവനന്തപുരം ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

അപേക്ഷക ബി.എ.എം.എസ്. പാസ്സായിട്ടുള്ളതും ടിയാളുടെ ജനനത്തിയതി 29/11/1992 എന്നതുമാണ് . ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാരി സമർപ്പിച്ചിട്ടുണ്ട് . ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും തിരുവനന്തപുരം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട് . പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി അഞ്ജലി എസ് എസിന് ജോലി നൽകുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 5,90,000/- രൂപയാണെന്ന് (അഞ്ചു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) മലയിൻകീഴ് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട് .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 12/06/2015

തീയതിയിൽ മരണപ്പെട്ട എസ് സുരേഷ് കുമാറിന്റെ മകൾ ശ്രീമതി അഞ്ജലി എസ് എസ് ന് മുനിസിപ്പൽ കോമൺ സർവീസിൽ തിരുവനന്തപുരം നഗരസഭയിലോ , തിരുവനന്തപുരം ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ നിലവിലുള്ളതോ/ആദ്യം ഉണ്ടാകുന്നതോ ആയ ഒഴിവിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ പരാമശം 1 ലെ ഉത്തരവിന് വിധേയമായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി/നഗരകാര്യ ഡയറക്ടർ ഒഴിവിന്റെ ലഭ്യത,നിയമനം നൽകുന്നതിനുള്ള നിശ്ചിത ശതമാന പരിധി എന്നിവയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകക്ക നിയമന ഉത്തരവ് നൽകേണ്ടതാണ് .ടിയാരിയെ സർവീസിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും . പാലിക്കേണ്ടതുമാണ് .നിയമനവിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നിയമാനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകക്ക നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധിക്കാനായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ് .

ഈ ജോലി ലഭ്യമാക്കുന്നതിലേക്കായി അപേക്ഷക തെറ്റായി വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ് .

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം

സെക്രട്ടറി,തിരുവനന്തപുരം കോർപ്പറേഷൻ

ജില്ല കളക്ടർ . തിരുവനന്തപുരം

അഞ്ജലി എസ് എസ്,സ്വപ്നക്കൂട് ,ശ്രീനാരായണ ഗുരു ലൈൻ ,ശാന്തമൂല ,മലയിൻകീഴ് പി ഒ, തിരുവനന്തപുരം .

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം

ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ